**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2117** **30-09-2025 - ൽ മറുപടിയ്ക്ക്**

**പൊലീസിലെ കമ്പ്യൂട്ടർ അധിഷ്ഠിതസംവിധാനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ആന്റണി രാജു | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കേരളാ പൊലീസിൽ കമ്പ്യൂട്ടർ അധിഷ്ഠിതമായ എന്തെല്ലാം സംവിധാനങ്ങളാണ് പുതുതായി നിലവിൽ വന്നിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ; | (എ) | (1) കേരള പോലീസിൽ കമ്പ്യൂട്ടർ അധിഷ്ഠിതമായ വിവിധങ്ങളായ സംവിധാനങ്ങൾ പുതുതായി നിലവിൽ വന്നിട്ടുണ്ട്. അതിൽ പ്രധാനമായി രാജ്യത്ത് വർദ്ധിച്ച വരുന്ന സൈബർ ക്രൈമുകൾ കൈകാര്യം ചെയ്യുന്നതി ലേക്ക് 05.01.2024-ലെ സർക്കാർ ഉത്തരവ് (കൈ.നം.4/2024/ആഭ്യന്തരം പ്രകാരം കേരളാ പോലീസിൽ സൈബർ ഡിവിഷൻ രൂപീകരിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവ് പ്രകാരം പൊതുജന സമ്പർക്കം, വഞ്ചനയും സാമൂഹ്യമാധ്യമ ഗ്രൂപ്പം, സൈബർ സുരക്ഷയും ആധുനിക കുറ്റകൃത്യങ്ങളും, പരിശീലനവും കാര്യശേഷി വർദ്ധിപ്പിക്കലും, സൈബർ ഡോമുകൾ, അനാലിസിസ് വിംഗ് എന്നിങ്ങനെ 6 വിഭാഗങ്ങളിലായി ആകെ 113 പോലീസ് ഉദ്യോഗസ്ഥർ ജോലി ചെയ്തു വരുന്നു.<br><br>ഓൺലൈൻ സാമ്പത്തിക തട്ടിപ്പിൽ ഇരകളാക്കപ്പെട്ട പൊതുജനങ്ങൾക്ക് സഹായകമായ 1930 പോർട്ടൽ, സ്ഥിരമായി സാമ്പത്തിക തട്ടിപ്പ് നടത്തി വരുന്ന മ്യൂൾ ബാങ്ക് അക്കൗണ്ടുകളെ നിർവീര്യമാക്കുന്നതിനുള്ള നടപടികൾ എന്നീ പ്രവർത്തനങ്ങൾ 'പൊതുജന സമ്പർക്കം' എന്ന വിഭാഗത്തിൽ നടത്തി വരുന്നു. വിവിധ സോഷ്യൽ മീഡിയ പ്ലാറ്റ് ഫോമുകളുമായി ബന്ധപ്പെട്ട പരാതികൾ ഏകോപിപ്പിക്കുന്നതും മറ്റു സംസ്ഥാന ങ്ങളുമായി സഹകരിച്ച് ബന്ധപ്പെട്ട പരാതികൾക്കാവശ്യമായ നടപടികൾ ചെയ്യുന്നതും 'വഞ്ചനയും സാമൂഹ്യ മാധ്യമ ഗ്രൂപ്പ്' ആണ്. ക്രിപ്റ്റോ, ഡാർക്ക് വെബ്, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, മെറ്റാവേഴ്സ് എന്നിവയുമായി ബന്ധപ്പെട്ടവ കൈകാര്യം ചെയ്യുന്നതിനായി 'സൈബർ സുരക്ഷയും ആധുനിക കുറ്റകൃത്യങ്ങളും' എന്ന വിഭാഗം പ്രവർത്തിച്ചു വരുന്നു.<br><br>സൈബറിടങ്ങളിൽ ശ്രദ്ധിക്കേണ്ട വിവരങ്ങളെ സംബന്ധിച്ച് പൊതുജനങ്ങൾക്കാവശ്യമായ |

ബോധവൽക്കരണവും നിർദ്ദേശങ്ങളും നൽകുന്നതിൻ്റെ ഭാഗമായി കേരളാ പോലീസിന്റെ സൈബർ ഡിവിഷന്റെ കീഴിൽ 'പരിശീലനവും കാര്യശേഷി വർദ്ധിപ്പിക്കലും' എന്ന വിഭാഗം പ്രവർത്തിച്ചു വരുന്നു. ക്രിപ്റ്റോ, ഡാർക്ക് വെബ്, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, മെറ്റാവേഴ്സ് എന്നിവയുമായി ബന്ധപ്പെട്ട അഡ്വാൻസ്ഡ് കേസുകൾ സൈബർ ഡോമുകൾ' കൈകാര്യം ചെയ്തുവരുന്നു. ഡ്രോണുകളും ആന്റി-ഡ്രോൺ സിസ്റ്റങ്ങൾ 'അനാലിസിസ് വിംഗ് കൈകാര്യം ചെയ്തു വരുന്നു.

(2) സംസ്ഥാന ഗവൺമെന്റിൻ്റെ നൂറ്റദിന കർമ്മപദ്ധതിയുടെ ഭാഗമായി 2025 മാർച്ച് 1-ന് സെക്യൂരിറ്റി ഓപ്പറേഷൻസ് സെന്റർ (SOC) സ്ഥാപിക്കപ്പെട്ടു.

<u>**സെക്യൂരിറ്റി ഓപ്പേഷൻസ് സെന്റർ (SOC)**</u>

കേരള പോലീസ് സംസ്ഥാന വ്യാപകമായി പോലീസ് ഡിപ്പാർട്ട്മെന്റിലെ സൈബർ ഭീഷണികളെ കണ്ടെത്താനും പ്രതിരോധിക്കാനുമായി നിർമ്മിതബുദ്ധി (AI) അടിസ്ഥാനത്തിലുള്ള ഒരു സുരക്ഷ പ്ലാറ്റ് ഫോം സെക്യൂരിറ്റി ഓപ്പറേഷൻസ് സെന്റർ (SOC) 2025 മാർച്ച് 1-ന് മുഖ്യമന്ത്രി ഉദ്ഘാടനം നിർവഹിച്ചു. സെക്യൂറ്റി ഓപ്പറേഷൻസ് സെന്റർ (SOC), ലോഗുകൾ നിരീക്ഷിക്കുകയും സുരക്ഷാ പ്രശ്നങ്ങൾ കണ്ടെത്തുകയും അതിൽ നിർമ്മിതബുദ്ധി (AI) സംയോജിപ്പിച്ച് അലർട്ടുകൾ നൽകുകയും ചെയ്യുന്നു.

കേരള പോലീസും കേന്ദ്ര സർക്കാർ മേൽനോട്ടത്തിലുള്ള സെന്റർ ഫോർ ഡെവലപ്പ്മെന്റ് ഓഫ് ടെലിമാറ്റിക്സ് (C-DOT)മായി ചേർന്നാണ് സെക്യൂരിറ്റി ഓപ്പറേറ്റിംഗ് സെന്റർ (SOC) സ്ഥാപിച്ചത്. അതിനായി കേരള പോലീസിന്റെ നെറ്റ് വർക്കും വിവര സുരക്ഷയും മെച്ചപ്പെടുത്തുന്നതിനായി C-DOT വികസിപ്പിച്ച ഒരു സമഗ്ര സൈബർ സുരക്ഷാ സൊല്യൂഷൻ ആയ ത്രിനേത്ര സോഫ്റ്റ് വെയർ ആണ് ഉപയോഗിക്കുന്നത്. വിപുലമായ 24*7 നിരീക്ഷണം, സുരക്ഷാ പിഴവുകൾ കണ്ടെത്തൽ, പരിഹാര നടപടികൾ എന്നിവയിലൂടെ സെൻസിറ്റീവ് ഡാറ്റയും മറ്റും സംരക്ഷിക്കുന്നതിനാണ് SOC രൂപകൽപ്പന ചെയ്തിരിക്കുന്നത്.

സെക്യൂരിറ്റി ഓപ്പറേറ്റിംഗ് സെന്റർ നടപ്പിലാക്കിയതിന്റെ ഭാഗമായി സംസ്ഥാന പോലീസ് ആസ്ഥാനം, ഉത്തര-ദക്ഷിണ മേഖലാ ഐജിപി

കാര്യാലയങ്ങൾ, റേഞ്ച് DIG മാരുടെ കാര്യാലയങ്ങൾ, എല്ലാ ജില്ലകളിലെയും ജില്ലാ പോലീസ് മേധാവിമാരുടെ കാര്യാലയങ്ങൾ എന്നിവിടങ്ങളിലെ മുഴുവൻ കംപ്യൂട്ടറുകളെയും സെക്യൂരിറ്റി ഓപ്പറേറ്റിംഗ് സെന്ററിന്റെ പരിധിയിൽ കൊണ്ടുവന്നിട്ടുണ്ട്. അടുത്ത ഘട്ടത്തിൽ കേരളത്തിലെ എല്ലാ പോലീസ് സ്റ്റേഷനുകളും ഉൾപ്പടെ പോലീസ് വകുപ്പിലെ എല്ലാ കംപ്യൂട്ടറുകളെയും ഫയർവാളുകളെയും സെക്യൂരിറ്റി ഓപ്പറേറ്റിംഗ് സെന്ററിന്റെ ഭാഗമാക്കി സുരക്ഷിതരാക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചവരുന്നു.

(3) 2025 ആഗസ്റ്റ് 15-ന് ബഹു. മുഖ്യമന്ത്രി കേരളാ പോലീസിന്റെ എമർജൻസി റെസ്പോൺസ് സപ്പോർട്ട് സിസ്റ്റത്തിന്റെ കീഴിൽ '**Next Generation 112**' ഉദ്ഘാടനം ചെയ്തു.

**NextGen ERSS**

നാഷണൽ എമർജൻസി റെസ്പോൺസ് സിസ്റ്റം പദ്ധതിക്കു കീഴിലായി **ERSS** എന്ന പുതിയ സംവിധാനം പോലീസ് ആസ്ഥാനത്ത് പ്രവർത്തിക്കുന്ന സ്റ്റേറ്റ് എമർജൻസി കൺട്രോൾ റൂമിൽ മുഖ്യമന്ത്രി 2019 ആഗസ്റ്റ് 15-ന് ഉദ്ഘാടനം ചെയ്തു. ഇതിന്റെ ഭാഗമായി രാജ്യത്തെ നിലവിലുള്ള എല്ലാ അടിയന്തര സഹായ നമ്പറുകളും **112** എന്ന ഒറ്റ ടോൾ ഫ്രീ നമ്പറിലേക്ക് സംയോജിപ്പിച്ചു **100** (പോലീസ്), **101** (അഗ്നിശമന സേന), **108** (ആംബുലൻസ് സേവനങ്ങൾ), **1078** (ദുരന്തനിവാരണ സേവനങ്ങൾ), **1091** (വനിത ഹെൽപ്പ് ലൈൻ), **1515** (പിങ്ക് കൺട്രോൾ), **181** (ദേശീയ വനിത ഹെൽപ്പ് ലൈൻ), **1098** (Child ഹെൽപ്പ് ലൈൻ) എന്നിവ **112**-ലേക്ക് പൗരന്മാരിൽ നിന്നും സഹായം അഭ്യർത്ഥിച്ച് ലഭിക്കുന്ന ഫോൺ കോളുകൾ, **SMS, SOS** സന്ദേശങ്ങൾ എന്നിവ എത്രയും വേഗം സാധ്യമായ ഏറ്റവും ചുരുങ്ങിയ സമയത്തിനുള്ളിൽ സഹായം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് **ERSS** പദ്ധതിക്ക് തുടക്കം കുറിച്ചത്. ഇതിന്റെ ഭാഗമായി കഴിഞ്ഞ 6 വർഷത്തിനുള്ളിൽ **13,20,144** പേർക്ക് എമർജൻസി റെസ്പോൺസ് സിസ്റ്റം പദ്ധതിയുടെ ഭാഗമായി സേവനം ലഭിച്ചു. **C-DAC** ആണ് ഈ പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായി സംസ്ഥാനത്ത് പ്രവർത്തിച്ചു വരുന്നത്.

സംസ്ഥാന പോലീസ് സേനയെ ആധുനീകരിക്കുന്നതിന്റെ ഭാഗമായി **ERSS**

പദ്ധതിയെ **ERSS NextGen** എന്ന രണ്ടാം തലത്തിലേക്ക് ഉയർത്തുകയുണ്ടായി. ഇതിന്റെ ഭാഗമായി പൊതുജനങ്ങൾക്ക് പഴയ സംവിധാനങ്ങളിൽ നിന്ന് വ്യത്യസ്തമായി **whatsapp**, ഇ-മെയിൽ, വെബ് റിക്വസ്റ്റ്, **chat bot** എന്നീ സംവിധാനങ്ങൾ വഴിയും സഹായം/ സേവനം ആവശ്യപ്പെടാം. പുതിയ സംവിധാനത്തിന്റെ ഭാഗമായി പരാതിക്കാരന്റെ/സേവനം ലഭിക്കേണ്ട വ്യക്തിയുടെ തൽസമയ സ്ഥലം കൺട്രോൾ റൂമിൽ ലഭ്യമാകും. **112** ഇന്ത്യ ആപ്പിലൂടെ പൗരന്മാർക്ക് "**Track Me/Trip Monitoring**" സംവിധാനവും ലഭ്യമാക്കും. ഇതിലൂടെ കൺട്രോൾറൂമിൽ സേവനം ലഭിക്കേണ്ട വ്യക്തിയുടെ സഞ്ചാര പാത വ്യക്തമാകുകയും ചെയ്യും. ഈ സംവിധാനം വിപുലീകരിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് ഉടനീളമുള്ള എമർജൻസി റെസ്പോൺസ് വാഹന ങ്ങളിലായി **1088** റെസ്പോൺസ് ഡിവൈസുകളും സ്ഥാപിക്കപ്പെട്ടു. ഈ ഡിവൈസുകളുടെ സഹായത്താൽ സഹായം ലഭിക്കേണ്ട വ്യക്തികളുടെ അടുക്കൽ അതിവേഗം എത്തുന്നതിനും സേവനം നൽകുന്നതിനും സാധിക്കും.

സൈബർ ഡിവിഷൻ രൂപീകരിക്കുന്ന തിനുള്ള 05.01.2024 തീയതിയിലെ G.O. (Ms) 04/2024/Home. ഉത്തരവിന്റെ അടിസ്ഥാനത്തിൽ ആയതിലേക്കായി **466** തസ്തികകൾ ടെലിക്കമ്മ്യൂണിക്കേഷൻ വിഭാഗത്തിൽ നിന്നും കേരളാ സിവിൽ പോലീസ് വിഭാഗത്തിൽ നിന്നും പുനർ വിന്യാസം വഴി സൃഷ്ടിച്ചിട്ടുണ്ട്.

**iAPS**

അഡ്മിനിസ്ട്രേഷൻ പ്രവർത്തനങ്ങൾ കൂടുതൽ സുതാര്യമാക്കുന്നതിനും ഫലപ്രദ മായ ഫയൽ നീക്കത്തിന് വേണ്ടിയും 2012-ൽ കേരള പോലീസ് വകുപ്പിൽ "ഇന്റേണൽ അഡ്മിനിസ്ട്രേറ്റീവ് പ്രോസസിംഗ് സിസ്റ്റം (IAPS) എന്ന പേരിൽ ഒരു വെബ് അധിഷ്ഠിത ആപ്ലിക്കേഷൻ നടപ്പിലാക്കിയിരുന്നു. ടി. ആപ്ലിക്കേഷൻ വകുപ്പിൽ വിജയകരമായും കാര്യക്ഷമമായും പ്രവർത്തിക്കുകയും വകുപ്പിന്റെ പ്രവർത്തനങ്ങളിൽ കൂടുതൽ സുതാര്യത കൊണ്ടുവരാൻ പ്രാപ്തമാക്കുകയും ചെയ്തു. കേരള പോലീസിൽ ഫയൽ മാനേജ്മെന്റ് ആവശ്യങ്ങൾക്ക് മാത്രമല്ല **IAPS** ആപ്ലിക്കേഷൻ ഉപയോഗിക്കുന്നത്. **Petition Management, Strength Management, Audit Management, Record Keeping, Store & lnventory Management, Cash management,**

| | | | |
|---|---|---|---|
| | | | **Seat Inspection, Asset Management, Recruit Management** തുടങ്ങിയ മൊഡ്യൂളുകൾ, രേഖകൾ അഡ്മിനിസ്ട്രേറ്റീവ് ഓഫീസ് തലത്തിൽ ഡിജിറ്റലായി സൂക്ഷിക്കുന്നതിന് പ്രാപ്തമാക്കി. മാത്രമല്ല സബോർഡിനേറ്റ് ഓഫീസുകളിലെ (പോലീസ് സ്റ്റേഷനു കൾ, എസ്ഡിപി etc) ഉപയോഗിക്കുന്ന തിനായി **Current Processing, Duty Management, Strength Management, Petition Processing, Arms & Ammunition, Motor Vehicle Management, Grievence etc** തുടങ്ങിയ മൊഡ്യൂളുകൾ നിലവിലുണ്ട്. |
| (ബി) | സൈബർ സംവിധാനങ്ങൾ ഉൾപ്പെടെ ഉപയോഗിച്ച് നടത്തുന്ന സാമ്പത്തിക കുറ്റകൃത്യങ്ങൾ തടയുന്നതിനായി രൂപം നൽകിയിരിക്കുന്ന പദ്ധതികൾ എന്തെല്ലാമാണ്; വിശദമാക്കാമോ; | (ബി) | കേരളാ പോലീസിന്റെ സൈബർ ഡിവിഷന്റെ കീഴിൽ സൈബർ സംവിധാനങ്ങൾ ഉൾപ്പടെ ഉപയോഗിച്ച് നടക്കുന്ന സാമ്പത്തിക കുറ്റകൃത്യങ്ങൾ തടയുന്നതിലേയ്ക്ക് നാഷണൽ സൈബർ ക്രൈം റിപ്പോർട്ടിംഗ് പോർട്ടലിന്റെ ഭാഗമായി **1930** എന്ന **NCRP** ഹെൽപ്പ് ലൈൻ നമ്പർ കേരളാ പോലീസിന്റെ കീഴിൽ **24*7** പ്രവർത്തിച്ചുവരുന്നു. സാമ്പത്തിക തട്ടിപ്പുകളിൽ പണം നഷ്ടപ്പെട്ടവരുടെ തുകകൾ ഹോൾഡ് ചെയ്യുന്നതിനും ഹോൾഡ് ചെയ്യപ്പെട്ട തുക ബഹു. കോടതികൾ മുഖാന്തിരം തിരിച്ചു നൽകുവാനും വേണ്ട സത്വര നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ സാധാരണക്കാർക്ക് പണം നഷ്ടമാവാൻ സാധ്യതയുള്ള വ്യാജ-വെബ് സൈറ്റുകൾ കണ്ടെത്തി അവ ബ്ലോക്ക് ചെയ്യുകയും എൻ.സി.ആർ.പി. പോർട്ടലിൽ രജിസ്റ്റർ ചെയ്യുന്ന പരാതികൾക്ക് കാരണമായ വ്യാജ വെബ് സൈറ്റുകൾ അനലൈസ് ചെയ്യുകയും, സമാനമായ വ്യാജ വെബ് സൈറ്റുകൾ/ ആപ്പിക്കേഷനുകൾ കണ്ടെത്തി നീക്കം ചെയ്ത് വരുന്നുണ്ട്. സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിൽ വരുന്ന സാമ്പത്തിക തട്ടിപ്പിന് കാരണമായേക്കാവുന്ന പരസ്യങ്ങളും പ്രൊഫൈലുകളും കണ്ടെത്തുകയും അവ പ്രസ്തുത പ്ലാറ്റ്ഫോമുകളിൽ നിന്നും നീക്കുകയും ചെയ്യുന്നു. അർ.ബി.ഐ അംഗീകൃത എൻ.ബി.എഫ്.സി. ക്ക് കീഴിലല്ലാത്ത വ്യാജ ഇൻസ്റ്റന്റ് ലോൺ ആപ്പുകൾ കണ്ടെത്തി ബ്ലോക്ക് ചെയ്യുകയും സൈബർ സ്പേസിൽ എങ്ങനെ സുരക്ഷിതർ ആയിരിക്കണം എന്നതിനെക്കുറിച്ച് സ്കൂൾ, കോളേജുകൾ, ബാങ്കുകൾ തുടങ്ങി വിവിധ സ്ഥാപന ങ്ങളിൽ ബോധവത്കരണ ക്ലാസുകൾ നടത്തുകയും ചെയ്തു വരുന്നു. കൂടാതെ സൈബർ കുറ്റകൃത്യങ്ങൾ/ ഓൺലൈൻ സാമ്പത്തിക തട്ടിപ്പുകൾ കൈകാര്യം ചെയ്യാൻ പോലീസ് സ്റ്റേഷനുകളിലെ എസ്.എച്ച്.ഒ, |

| | | | |
|---|---|---|---|
| | | | എസ്.ഐ.മാർ തുടങ്ങി സിവിൽ പോലീസ് ഉദ്യോഗസ്ഥർക്ക് വേണ്ട പരിശീലനം നൽകിവരുന്നു.<br><br>സൈബർ സംവിധാനങ്ങൾ ഉൾപ്പെടെ ഉപയോഗിച്ച് നടത്തുന്ന സാമ്പത്തിക കുറ്റകൃത്യങ്ങൾ തടയുന്നതിനായി 17/03/2022-ലെ G.O. (Ms) No. 51/2022/Home സർക്കാർ ഉത്തരവ് പ്രകാരം ക്രൈം ബ്രാഞ്ചിന് കീഴിൽ സാമ്പത്തിക കുറ്റാന്വേഷണത്തിന് മാത്രമായി ഒരു പ്രത്യേക വിഭാഗം ആരംഭിച്ചിട്ടുണ്ട്. ഇതിനായി **233** പുതിയ തസ്തികകൾ സൃഷ്ടിച്ചു. (ഐ.ജി - **1**, എസ്.പി - **4**, ഡി.വൈ.എസ്.പി - **11**, ഐ.ഒ.പി - **19**, എസ്.ഐ-**29**, എസ്.സി.പി.ഒ - **73**, സിപിഒ - **73**, ഡ്രൈവർ - **16**, സീനിയർ സൂപ്രണ്ട് - **1**, ജൂനിയർ സൂപ്രണ്ട് - **1**, സീനിയർ ക്ലാർക്ക് - **2**, ക്ലാർക്ക് - **2**, സിഎ - **1**). **2022- 23** വർഷം മുതലുള്ള സംസ്ഥാന പ്ലാൻ പദ്ധതി വിഹിതം ഉപയോഗിച്ചു കൊണ്ട് സംസ്ഥാന സാമ്പത്തിക വിഭാഗം **HQ** ഓഫീസിനും മറ്റ് ജില്ലാ റേഞ്ച് ഓഫീസുകൾക്കും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. |
| (സി) | മൊബൈൽ ഫോറൻസിക് ലാബുകൾ ഉൾപ്പെടെ നടപ്പിലാക്കിയ പുതിയ സംവിധാനങ്ങൾ എന്തെല്ലാമാണെന്നും ഇവയെ കമ്പ്യൂട്ടർ അധിഷ്ഠിതമാക്കുന്നതിലൂടെ പ്രതീക്ഷിക്കുന്ന നേട്ടങ്ങൾ എന്തൊക്കെയാണെന്നും വിശദീകരിക്കാമോ; | (സി) | എല്ലാ ജില്ലകളിലും ജില്ലാ ഫോറൻസിക് സയൻസ് ലബോറട്ടറികൾ സ്ഥാപിച്ചി ട്ടുണ്ട്. കൂടാതെ **2020** മുതൽ ഫോറൻസിക് സയൻസ് ലബോറട്ടറികളിൽ സ്വീകരിക്കപ്പെടുന്ന കേസുകൾ എല്ലാം തന്നെ 'ഇ-ഫോറൻസിക്' എന്ന കമ്പ്യൂട്ടർ അധിഷ്ഠിത സോഫ്റ്റ് വെയറിലാണ് രജിസ്ട്രേഷൻ നടത്തിവരുന്നത്. ഇതിലൂടെ കേസുകളുടെ രജിസ്ട്രേഷൻ, ഡാറ്റാ ട്രാക്കിംഗ്, ഡിജിറ്റൽ ഡാറ്റാ റെക്കോഡ് എന്നിവ സാധ്യമാകുന്നതാണ്.<br><br>ഇത് കൂടാതെ ഉടൻ തന്നെ 'ഇ ഫോറൻസിക് **2.0**' എന്ന സോഫ്റ്റ് വെയറിലേക്ക് അപ്ഡേറ്റ് ആവുന്നതാണ്. |
| (ഡി) | ആർട്ടിഫിഷ്യൽ ഇന്റലിജൻസ് അധിഷ്ഠിതമായ എന്തെല്ലാം സംവിധാനങ്ങൾക്കാണ് സംസ്ഥാന പൊലീസിൽ തുടക്കം കുറിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (ഡി) | **1.എ.ഐ. അധിഷ്ഠിത ആന്റി ഡ്രോൺ സിസ്റ്റം**<br>അനധികൃത ഡ്രോണുകളെ കണ്ടെത്തി തിരിച്ചറിയുകയും അവയെ നിർവീര്യ മാക്കുകയും ചെയ്യുന്നതിനായി എ.ഐ **അധിഷ്ഠിത** ആന്റി ഡ്രോൺ സംവിധാനം നടപ്പാക്കുന്നതിനു വേണ്ടിയുള്ള നടപടി കൾ സ്വീകരിച്ചുവരുന്നു.<br><br>**2. എ.ഐ. അധിഷ്ഠത ഡ്രോൺ സർവൈലൻസ് സിസ്റ്റം**<br><br>വലിയ തോതിലുള്ള ജനക്കൂട്ടങ്ങളെ നിരീക്ഷിക്കുന്നതിനും കുറ്റകൃത്യങ്ങൾ തടയുന്നതിനും ആളുകളെ തിരിച്ചറിയുന്ന തിനും വേണ്ടി എ.ഐ. |

അധിഷ്ഠിതമായ ഡ്രോൺ നിരീക്ഷണം നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**<u>3. കേരള പോലീസ് സൈബർ വാൾ പ്രോജക്ട്</u>**

സൈബർ സ്പേസിൽ സാധാരണ ക്കാരായ ജനങ്ങൾ സൈബർ തട്ടിപ്പുകൾക്ക് ഇരയാവാതിരിക്കാൻ കേരള പോലീസ് സൈബർ ഡിവിഷൻ വികസിപ്പിക്കുന്ന പോർട്ടൽ/മൊബൈൽ ആപ്ലിക്കേഷൻ ആണ്. സാധാരണക്കാർക്ക് സംശയാസ്പദമായി തോന്നുന്ന വെബ് സൈറ്റ് ലിങ്കുകൾ, ഇ-മെയിലുകൾ, ഐ.പി. അഡ്രസ്, എ.പി.കെ ഫയലുകൾ, ബാങ്ക് അക്കൗണ്ട് നമ്പറുകൾ, ഫോൺ നമ്പറുകൾ എന്നിവ പോർട്ടലിൽ നൽകിയിട്ടുള്ള സെർച്ച് ബോക്സിൽ നല്കിയാൽ അതിന്റെ വിശ്വാസ്യത അറിയാൻ സാധിക്കും. അതിനായി ഈ പോർട്ടലിൽ **0-100** വരെയുള്ള ഒരു സ്കോറ് നൽകിയിട്ടുണ്ട്. മാത്രമല്ല, വെബ് സൈറ്റ് ലിങ്കുകൾ ആണെങ്കിൽ അതിന്റെ കാലപ്പഴക്കം, അതിന്റെ സ്വഭാവം, ഫിഷിങ് മുതലായ തട്ടിപ്പുകൾക്ക് സാധ്യത ഉണ്ടോ എന്നെല്ലാം അറിയാൻ സാധിക്കും. ഏതൊരു സാധാരണക്കാർക്കും അനായാസം ഉപയോഗിക്കാൻ പറ്റുന്ന രീതിയിൽ ആണ് ഈ പോർട്ടൽ ഡിസൈൻ ചെയ്തിരിക്കുന്നത്. ഇതിൽ ഇംഗ്ലീഷിലും മലയാളത്തിലും ഔട്ട്പുട്ട് ലഭ്യമാണ്. നിലവിൽ ടെസ്റ്റിംഗ് സ്റ്റേജിൽ ആണ് ഈ പ്രോജക്ട്.

സംസ്ഥാന പോലീസ് സേനയിൽ **Artificial lntelligence-**ന്റെ നവീകരണ ത്തിനായി കേരള പോലീസ് സൈബർ ഡോമിന് കീഴിൽ കേരള പോലീസ് **Drone Forensic Lab & Research Center 2021-**ൽ സ്ഥാപിക്കുകയും, ഡ്രോണുകൾ ഉയർത്തുന്ന ഭീഷണികൾ നേരിടുന്നതിനായി **Anti Drone** കൾ വികസിപ്പിക്കുക, പുതിയ ഡ്രോണുകളുടെ നിർമ്മാണം, നിരീക്ഷണ ഡ്രോണുകൾ, **VVIP** സുരക്ഷയ്ക്ക് ആവശ്യമായ മൊബൈൽ **Anti Drone System** എന്നീ സംവിധാനങ്ങൾ ടി **Drone Forensic Lab & Research Center-**ൽ പുരോഗമിച്ചു വരുന്നു. ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ നവീകരണത്തിനായി 2021-22, **2022-23, 2023-24-**ലെ സംസ്ഥാന പദ്ധതികൾ പ്രകാരം **Development of Anti-drone system & establishing Drone Forensic Lab & Research Centre, Development of Drone/Anti drone system & Software, Procurement of Drone** എന്നിവയ്ക്കായി തുക ചെലവഴിച്ചിട്ടുണ്ട്. സംസ്ഥാന പ്ലാൻ പദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്തി **Artificial**

| | | | |
|---|---|---|---|
| | | | **lntelligence based mobile application (For crowd control and surveillance, facial identification, scanning video footage for anomalies etc)** വികസിപ്പിച്ചു വരുന്നു.<br><br>കേരള പോലീസ് സേനയിൽ **Artificial intelligence** സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തുന്നതിന്റെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട **15** പോലീസ് ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി **Dedicated Al Team**, രൂപീകരിക്കുകയും, പ്രസ്തുത ടീമിന് **lllTM-K** നടത്തുന്ന **Al and Data Analytics Course** പങ്കെടുക്കുന്നതിനുള്ള അനുമതി നൽകുകയും ചെയ്തിട്ടുള്ളതാണ്. കേരളാ പോലീസിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് സാങ്കേതിക വിദ്യ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് പ്രത്യേക **Al Wing** രൂപീകരിക്കുന്നതിനുള്ള പ്രൊപോസൽ **SPC** സർക്കാരിൽ സമർപ്പിച്ചിരുന്നു. ആയത് സംബന്ധിച്ച് സർക്കാർ ആവശ്യപ്പെട്ട അധിക വിവരങ്ങൾ തേടിയിരിക്കുകയാണ്. കേന്ദ്ര റോഡ് ട്രാൻസ്പോർട്ട് ആന്റ് ഹൈവേ മന്ത്രാലയത്തിന്റെ വാഹൻ, സാരഥി ഡാറ്റ ബേസുകളും ആയി ലിങ്ക് ചെയ്തിട്ടുള്ള ഇ-ചെല്ലാൻ സംവിധാനം പോലീസ് വകുപ്പിൽ നടപ്പാക്കി. **TR 5** രസീതുകളും, ചെക്ക് റിപ്പോർട്ടുകളും എഴുതി നൽകുന്ന സമ്പ്രദായം പൂർണ്ണമായും അവസാനിപ്പിച്ചിട്ടുണ്ട്. ഇത് വാഹന പരിശോധന കൂടുതൽ സുതാര്യമാക്കി. |

സെക്ഷൻ ഓഫീസർ